ഉത്തരം

(എ) ഉണ്ട്.

(ബി) 1995-96 - 20,76,261.45 രൂപ

1996-97 - 18,30,814.80 രൂപ

1997-98 - 13,64,946.30 രൂപ

(സി) പ്രസ്തുത വർഷങ്ങളിൽ സാധനങ്ങൾ കാണാതായിട്ടില്ല.

(ഡി) ഭരണസമിതിക്കാണ്.

(ഇ)-(ജി) ചോദ്യം ഉദിക്കുന്നില്ല.

143 (3326) പാലക്കാട് ജില്ലയിൽ നെല്ല് സംഭരിച്ച സഹകരണ സംഘങ്ങൾ

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-ലെ രണ്ടാംവിളയ്ക്ക് പാലക്കാട് ജില്ലയിൽ എത്ര സഹകരണ സംഘങ്ങൾ നെല്ല് സംഭരിച്ചു; ഏതെല്ലാം സംഘങ്ങൾ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഏറ്റവും കൂടുതൽ നെല്ല് സംഭരിച്ച സഹകരണ സംഘം ഏത്;

(സി) കൃഷിക്കാർക്ക് നെല്ല് സംഭരണത്തിൽ ഇൻസെന്റീവ് നൽകിയ സംഘങ്ങൾ ഏതെല്ലാം എന്നും; ഓരോ സംഘവും ക്വിന്റലിന് എത്ര രൂപ വീതം നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) തത്തമംഗലം സർവ്വീസ് സഹകരണ ബാങ്ക് ഇൻസെന്റീവ് ആയി എത്ര രൂപ നൽകി;

(ഇ) തത്തമംഗലം സർവ്വീസ് സഹകരണ ബാങ്ക് നെല്ല് സംഭരണത്തിൽ എത്ര രൂപ ലാഭമുണ്ടാക്കി;

(എഫ്) തത്തമംഗലം സർവ്വീസ് ബാങ്ക് ലാഭത്തിലാകുകയും, ഇൻസെന്റീവ് കൊടുക്കുകയും ചെയ്തിട്ടും ഡയറക്ടർമാരിൽ നിന്നും തുക ഈടാക്കാൻ നടപടിയെടുത്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(ജി) നെല്ല് സംഭരണത്തിൽ പാലക്കാട് ജില്ലയിൽ നഷ്ടമുണ്ടാക്കിയ സംഘങ്ങൾ ഏതെല്ലാം; ഈ സംഘങ്ങളുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്തു സംഘങ്ങൾ നെല്ല് സംഭരിച്ചു. അവ താഴെപ്പറയുന്നവയാണ്.

1. ഏലപ്പുള്ളി സേവന സഹകരണ ബാങ്ക്
2. പൊൽപ്പുള്ളി സേവന സഹകരണ ബാങ്ക്
3. പെരുവമ്പ് സേവന സഹകരണ ബാങ്ക്
4. വല്ലണ്ടി വിത്തനശ്ശേരി സേവന സഹകരണ ബാങ്ക്
5. പട്ടഞ്ചേരി സേവന സഹകരണ ബാങ്ക്

LIBRARY ARCHIVES Kerala Legislative Assembly

6. പല്ലശ്ശന സേവന സഹകരണ ബാങ്ക്

7. തത്തമംഗലം സേവന സഹകരണ ബാങ്ക്

8. കൊടുവായൂർ സേവന സഹകരണ ബാങ്ക്

9. പെരുമാട്ടി സേവന സഹകരണ ബാങ്ക്

10. തൃത്താല സേവന സഹകരണ ബാങ്ക്

(ബി) തത്തമംഗലം സേവന സഹകരണ ബാങ്ക്

(സി) ഏലപ്പുള്ളി സേവന സഹകരണ ബാങ്ക്, പെരുവമ്പ് സേവന സഹകരണ ബാങ്ക്, തത്തമംഗലം സേവന സഹകരണ ബാങ്ക്, കൊടുവായൂർ സേവന സഹകരണ ബാങ്ക് എന്നിവയാണ് ഇൻസെന്റീവ് നൽകിയ സംഘങ്ങൾ. മേൽപറഞ്ഞ സേവന സഹകരണ ബാങ്കുകൾ ക്വിന്റലിന് യഥാക്രമം, 40 രൂപ, 14 രൂപ, 30 രൂപ. 20 രൂപ, നിരക്കിൽ ഇൻസെന്റീവ് നൽകിയിട്ടുണ്ട്.

(ഡി) തത്തമംഗലം സേവന സഹകരണ ബാങ്ക്, ക്വിന്റലിന് 30 രൂപ ക്രമത്തിൽ 9,26,0001 രൂപ ഇൻസെന്റീവ് ആയി നൽകിയിട്ടുണ്ട്.

(ഇ) നെല്ലു സംഭരണത്തിൽ ലാഭമുണ്ടായതായി കാണുന്നില്ല. വകപ്പു തലത്തിലുള്ള കണക്കു പരിശോധനയിൽ നെല്ലു സംഭരണം നഷ്ടത്തിലാണ് എന്നാണ് കണ്ടിട്ടുള്ളത്.

(എഫ്) തത്തമംഗലം സേവന സഹകരണ ബാങ്കിനെതിരെ നെല്ലു സംഭരണം സംബന്ധിച്ച് ലഭിച്ച പരാതിയിൻമേൽ സഹകരണ ബാങ്ക് 66-ാം വകുപ്പനുസരിച്ച് നടത്തിയ പരിശോധനയിൽ നടപടി ക്രമങ്ങൾ പാലിക്കാതെയാണ് നെല്ല് സംഭരണം നടന്നതെന്നും കടമായി വില്പന നടത്തിയതിൽ പലിശയിനത്തിൽ സംഘത്തിന് നഷ്ടമുണ്ടായിട്ടുണ്ടെന്നും കാണുകയും തുടർന്ന് 68(1) വകുപ്പുപ്രകാരം നടത്തിയ അന്വേഷണത്തിൽ പ്രസ്തുത നഷ്ടത്തിന് ഉത്തരവാദികൾ ഭരണസമിതി അംഗങ്ങളാണെന്ന് കാണുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് ഉത്തരവാദികളായ ഭരണസമിതി അംഗങ്ങളിൽനിന്നും തുക ഈടാക്കുവാനുള്ള നടപടി സഹകരണ വകുപ്പ് സ്വീകരിച്ചത്.

(ജി) പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിൽ നഷ്ടമുണ്ടാക്കിയ സംഘങ്ങൾ താഴെ പറയുന്ന മൂന്നെണ്ണമാണ്.

1. തത്തമംഗലം സർവ്വീസ് സഹകരണ ബാങ്ക്.

2. പെരുവമ്പ് സർവ്വീസ് സഹകരണ ബാങ്ക്.

3. പെരുമാട്ടി സർവ്വീസ് സഹകരണ ബാങ്ക്. ഇതിൽ തത്തമംഗലം സംഘത്തിനെതിരെയാണ് പരാതി ലഭിച്ചിട്ടുള്ളത്. അതിൻമേൽ സഹകരണ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

144 (3153) പാഠപുസ്തകങ്ങളുടെ അച്ചടി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

811/2010.

LIBRARY ARCHIVES Kerala Legislative Assembly